# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2683 — 06.11.2019-ന് മറുപടിയ്ക്ക്

## പിന്നോക്ക വിഭാഗ ക്ഷേമത്തിനായുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ് :<br>ശ്രീ. വി. അബ്ദുറഹിമാൻ :<br>ശ്രീ.വി.കെ.സി.മമ്മത് കോയ :<br>ശ്രീമതി. വീണാ ജോർജ്ജ് : | എ. കെ. ബാലൻ<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (എ) സംസ്ഥാനത്ത് പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനായി ഈ സർക്കാർ പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന ആവിഷ്കരിച്ച പുതിയ പദ്ധതിയാണ് കുംഭാര കോളനി അടിസ്ഥാന സൗകര്യ വികസന പദ്ധതി. കൂടാതെ എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സിക്കിൾസെൽ അനീമിയ രോഗബാധിതർക്കുള്ള സ്വയം തൊഴിൽ ധനസഹായം, പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട് അപ് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ധനസഹായം, പ്രളയബാധിത പ്രദേശങ്ങളിലെ പരമ്പരാഗത തൊഴിലാളി വർഗ്ഗ സമുദായങ്ങൾക്ക് ജീവനോപാധി പുനഃസ്ഥാപന സഹായം, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റ് പിന്നോക്ക വിഭാഗ കുടുംബങ്ങളുടെ വികസനത്തിനുള്ള സ്വയം തൊഴിൽ പദ്ധതി എന്നീ ഘടകങ്ങളും പുതുതായി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) ഇവർക്കായി കേരള സംസ്ഥാന പിന്നോക്ക വിഭാഗ കോർപ്പറേഷൻ എന്തെല്ലാം വായ്പാ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത് ; | (ബി) ഇവർക്കായി കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന വിവിധ വായ്പാ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |

(.....2)

(സി) ഭവനരഹിതരായ പിന്നോക്ക വിഭാഗക്കാർക്കായി കോർപ്പറേഷൻ ആവിഷ്കരിച്ചിട്ടുള്ള എന്റെ വീട് പദ്ധതി പ്രകാരം എത്ര തുകയാണ് അനുവദിക്കുന്നത്;

(സി) 10 ലക്ഷം രൂപ വരെ അനുവദിക്കുന്നു

(ഡി) പ്രസ്തുത കോർപ്പറേഷനിൽ നിന്നും വായ്പയെടുത്ത് സംരംഭം തുടങ്ങിയ ഗുണഭോക്താക്കളുടെ ഉല്പന്നങ്ങൾക്ക് സ്ഥിരം വിപണന സംവിധാനം ഏർപ്പെടുത്തുന്നതിന് ക്രാഫ്റ്റ് വില്ലേജ് ആരംഭിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ?

(ഡി) ക്രാഫ്റ്റ് വില്ലജ് പദ്ധതി KIIFB പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പദ്ധതി രേഖ സമർപ്പിക്കുന്നതിന് KITCO -യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ